ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) നടപ്പു പഞ്ചവൽസരപദ്ധതിക്കാവശ്യമായ വിഭവസമാഹരണത്തിന്റെ ഭാഗമായി ഭരണരംഗത്ത് ചെലവുചുരുക്കൽ ഏർപ്പെടുത്തിക്കൊണ്ട് 6-8-1979-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്. †

(ബി) തിട്ടപ്പെടുത്തിയിട്ടില്ല.

(സി, ഡി) ഇങ്ങനെ ഒരു നടപടി സ്വീകരിച്ചാൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ അത് സാരമായി ബാധിക്കാൻ ഇടയുണ്ട്. അതുകൊണ്ട് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ 8-ാം ഇനമായി സൂചിപ്പിച്ച യാത്രാ ചെലവിലുള്ള നിയന്ത്രണങ്ങൾക്ക് ഉപരിയായി മറ്റു നടപടികൾ ഇക്കാര്യത്തിൽ ആവശ്യമാണെന്ന് കരുതുന്നില്ല.

കപ്പയുടെ താങ്ങുവില

* 151 [163] ഡോ. ജോർജ് മാത്യു:

ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, എം. വി. മാണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പക്ക് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താങ്ങുവില ഏതെങ്കിലും സ്ഥലത്ത് കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ഉണ്ട്. കൊല്ലം ജില്ലയിൽ പത്തനാപുരം, കുന്നത്തൂർ താലൂക്കുകളിലും, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലും.

(ബി) 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഭക്ഷണപദാർത്ഥങ്ങളിൽ മായംചേർക്കൽ

* 152 [165] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണപദാർത്ഥങ്ങളിൽ മായംചേർക്കൽ നടപടി തടയുന്നതിനുള്ള ഇന്നത്തെ സംവിധാനം അപര്യാപ്തമാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഭക്ഷണപദാർത്ഥങ്ങളിലെ മായംചേർക്കൽ നടപടി ഫലപ്രദമായി തടയാൻവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ, ബി) ഭക്ഷണസാധനങ്ങളിൽ മായംചേർക്കുന്നത് തടയുന്നതിനുള്ള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽടറേഷൻ ആക്ട് പ്രകാരം ഇപ്പോഴത്തെ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly